# കൃഷി വിജ്ഞാന കേന്ദ്രം - ആലപ്പുഴ
# ICAR-KRISHI VIGYAN KENDRA - ALAPPUZHA

കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം, പ്രാദേശിക കേന്ദ്രം, കായംകുളം - 690 533, കേരളം

ICAR

CPCRI

## വാർത്താപത്രിക
## NEWSLETTER

Vol. 20 Issue 03
വാല്യം 20 ലക്കം 03

July - September 2022
ജൂലൈ - സെപ്തംബർ 2022




Azadi Ka Amrit Mahotsav

## ഉള്ളടക്കം


- കർഷക ശാസ്ത്രജ്ഞ മുഖാമുഖം
- ഐ.സി.എ.ആർ സ്ഥാപക ദിനാഘോഷം
- പോഷക പ്രചാരണ ദിനാഘോഷം
- കർഷക ഉത്പാദക കമ്പനി പ്രതിനിധികളുടെ സന്ദർശനം
- മഞ്ഞൾ പദ്ധതിയുടെ അവലോകനം
- അവാർഡ്
- ആടുകൾക്ക് ശീതകാല പരിചരണം




കെ.വി.കെ.യുടെ വിവിധ പ്രവർത്തനങ്ങളെക്കുറിച്ച് അറിയാൻ QR CODE സ്കാൻ ചെയ്യുക.


കെ. വി. കെ. യുമായി ബന്ധപ്പെടാൻ...

ഹെഡ്,
കൃഷി വിജ്ഞാന കേന്ദ്രം - ആലപ്പുഴ,
സി.പി.സി.ആർ.ഐ.(ആർ.എസ്.),
കായംകുളം, കൃഷ്ണപുരം പി.ഒ. - 690533.
ഫോൺ : 0479 2449268
0479 2959268, 9447790268
Email: kvk.alappuzha@icar.gov.in
kvkalapuzha@gmail.com
Website : www.kvkalappuzha.icar.gov.in


# കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ വാർഷിക പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു



ആലപ്പുഴ ജില്ലാ കൃഷി വിജ്ഞാന കേന്ദ്രം 2022-23 സാമ്പത്തിക വർഷത്തിൽ കണ്ടല്ലൂർ, മുതുകുളം പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന വിവിധ പ്രവർത്തനങ്ങളുടെ ഔപചാരികമായ ഉദ്ഘാടനം 2022 ആഗസ്റ്റ് 27-ാം തീയതി പുല്ലുകുളങ്ങര ഈശ്വര വിലാസം എൻ.എസ്.എസ് കരയോഗ ഹാളിൽ ബഹു. കായംകുളം എം.എൽ.എ അഡ്വ.യു. പ്രതിഭ നിർവ്വഹിച്ചു.

കാർഷിക രംഗത്ത് കർഷകർക്ക് കൈത്താങ്ങായി ശാസ്ത്രീയ കൃഷിയും ഉത്പാദനവും വർദ്ധിപ്പിക്കുന്നതിന് വിജ്ഞാനദായകമായി പ്രവർത്തിക്കുന്ന കെ.വി.കെ ഉത്പന്ന നിർമ്മാണവും വിപണനവും ബ്രാന്റിംഗും പ്രോത്സാഹിപ്പിക്കേണ്ടതിന്റെ ആവശ്യകത ബഹു.എം.എൽ.എ എടുത്തു പറഞ്ഞു. അതോടൊപ്പം കായംകുളം മേഖലയിലെ കർഷകർ ഉത്പാദിപ്പിക്കുന്ന പച്ചക്കറികളും മറ്റ് ഉത്പന്നങ്ങളും "കായംകുളം ബ്രാൻഡ്"എന്ന പേരിൽ വിപണിയിലേക്ക് എത്തിക്കണമെന്നും അഭിപ്രായപ്പെട്ടു.

കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം (ICAR-CPCRI) വികസിപ്പിച്ചെടുത്ത തെങ്ങിൻ തൈകൾ ക്കുള്ള ടാൽക്കധിഷ്ഠിത സൂക്ഷ്മാണു മിശ്രിതം "കേരപ്രോബയോ", IIHR-ബംഗ്ലൂരു പുറത്തിറക്കിയ മുളകിലെ മൊസേക്ക് വൈറസിനെ ചെറുക്കുന്ന ഇനങ്ങളായ അർക്ക ഖ്യാതി, അർക്ക ശ്വേത എന്നിവയുടെ ഗ്രാഫ്റ്റ് തൈകൾ, കൃഷിയിട പാഠശാല (FFS)ക്ക് ആവശ്യമായ സസ്യസംരക്ഷണ സാമഗ്രികൾ, പോഷകത്തോട്ടം നിർമ്മിക്കുന്നതിനാവശ്യമായ ഗുണമേന്മയുള്ള ഫലവൃക്ഷ-പച്ചക്കറി തൈകൾ, നിരണം താറാവ് ഫാം പുറത്തിറക്കിയ മുട്ടയ്ക്കും ഇറച്ചിക്കും അനുയോജ്യമായ താറാവിനം "സ്നോവൈറ്റ്" (Snow White), ആടുകൾക്കുള്ള ധാതുലവണ മിശ്രിതം-



"ഗോട്ട്മിൻ" (Goatmin), ആദ്യ ആറുമാസം കിടാങ്ങൾക്കു നൽകാവുന്ന പ്രത്യേക തീറ്റ (Calf Starter) എന്നിവ വിവിധ പദ്ധതികളിലെ പങ്കാളികളായ കർഷകർക്ക് മുഖ്യാതിഥി കൈമാറി. മുതുകുളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി അംബുജാക്ഷി ടീച്ചറുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ കണ്ടല്ലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി തയ്യിൽ പ്രസന്നകുമാരി മുഖ്യപ്രഭാഷണവും കെ.വി.കെയുടെ വാർത്താപത്രിക (വാല്യം 20(2))യുടെ പ്രകാശനവും നിർവ്വഹിച്ചു.

മുതുകുളം ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ശ്രീ.സുനിൽ കോപ്പാറേത്ത്, കണ്ടല്ലൂർ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ.സുരേഷ് രാമനാമഠം, കണ്ടല്ലൂർ ഗ്രാമപഞ്ചായത്ത് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പേഴ്സൺ ശ്രീമതി സുജി.സി, മുതുകുളം ബ്ലോക്ക് കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി റെജീന ജേക്കബ്, കണ്ടല്ലൂർ ഗ്രാമപഞ്ചായത്ത് വെറ്ററിനറി സർജൻ ഡോ.ഷൈജു എന്നിവർ കർഷകരെ അഭിസംബോധന ചെയ്ത് സംസാരിച്ചു. മുതുകുളം, കണ്ടല്ലൂർ, തൃക്കുന്നപ്പുഴ പഞ്ചായത്തുകളിലെ കർഷകർ, ഗ്രാമപഞ്ചായത്ത് അംഗങ്ങൾ, കാർഷിക – കാർഷികേതര വകുപ്പ് ഉദ്യോഗസ്ഥർ, കുടുംബശ്രീ അംഗങ്ങൾ, അംഗനവാടി അദ്ധ്യാപകർ, ഹരിതകർമ്മ സേനാംഗങ്ങൾ എന്നിവരുൾപ്പെടെ ഇരുന്നൂറ്റമ്പതോളം പേർ പരിപാടിയിൽ പങ്കെടുത്തു. തുടർന്ന് 'പച്ചക്കറി കൃഷിയിലെ പ്രായോഗിക അറിവുകൾ' എന്ന വിഷയത്തിൽ കെ.വി.കെയിലെ വിദഗ്ധർ സംസാരിക്കുകയും കർഷകരുടെ സംശയങ്ങൾക്ക് മറുപടി നൽകുകയും ചെയ്തു.

## പാവലിന്റെ വൈറസ് രോഗബാധ നിയന്ത്രണ വിധേയമാക്കുന്നതിനുള്ള കർഷക–ശാസ്ത്രജ്ഞ മുഖാമുഖം



ജില്ലയിലെ ഒരു പ്രധാന പച്ചക്കറി വിളയാണ് പാവൽ. എല്ലാ കാലത്തും നല്ല വില ലഭിക്കുന്ന പാവലിനെ ബാധിക്കുന്ന പ്രധാന പ്രശ്നമാണ് മൊസേക്ക് വൈറസ് രോഗം. ഇത് ബാധിച്ചുകഴിഞ്ഞാൽ വിള മുരടിച്ച് പോവുകയും വിളവ് ഗണ്യമായി കുറയുകയും ചെയ്യുന്നു. വാണിജ്യമായി പച്ചക്കറി ഉത്പാദിപ്പിക്കുന്ന കർഷകർ പാവൽ മൊസേക്ക് രോഗത്തിന്റെ തീവ്രത കാരണം കൃഷി ഉപേക്ഷിച്ചു കൊണ്ടിരിക്കുന്ന സാഹചര്യമാണ് നിലനിൽക്കുന്നത്.

2020–21 കാലയളവിൽ കെ.വി.കെ "പാവലിലെ സംയോജിത വിളപരിപാലനം" എന്ന വിഷയത്തിൽ ഒരു മുൻനിര പ്രദർശന പരിപാടി സംഘടിപ്പിച്ചിരുന്നു. പ്രസ്തുത പ്രദർശന പരിപാടിയിൽ, ലഭ്യമായ ശുപാർശകൾ എല്ലാം അനുവർത്തിച്ചിട്ടും പാവലിലെ മുരടിപ്പിന് പൂർണ്ണ തോതിലുള്ള ഫലം കണ്ടെത്താനായില്ല. അതിനാൽ കേരള കാർഷിക സർവ്വകലാശാല ഗവേഷണ ഡയറക്ടറുടെ പിന്തുണയോടെ ഈ മേഖലയിലെ സാധ്യമായ എല്ലാ പങ്കാളികളേയും ഉൾപ്പെടുത്തി കെ.വി.കെയുടെ ആഭിമുഖ്യത്തിൽ സെപ്തംബർ 28ന് "പാവലിലെ മൊസേക്ക് രോഗത്തിന്റെ സുസ്ഥിര പരിപാലനം" എന്ന വിഷയത്തിൽ വിശദമായ ചർച്ചയും വിഷയാവതരണങ്ങളും സംഘടിപ്പിച്ചു.

ക്ഷണിക്കപ്പെട്ട മാസ്റ്റർ കർഷകർ, കൃഷിവകുപ്പിലെയും വി.എഫ്.പി.സി.കെയിലെയും വിജ്ഞാന വ്യാപന പ്രവർത്തകർ, സമീപ ജില്ലകളിലെ കൃഷി വിജ്ഞാന കേന്ദ്രത്തിൽ നിന്നുള്ള സസ്യ സംരക്ഷണ വിദഗ്ധർ തുടങ്ങിയവർ ഈ രോഗത്തെക്കുറിച്ചുള്ള പ്രായോഗിക അറിവുകളും, അനുഭവജ്ഞാനവും, കർഷകർ പാവൽ കൃഷിയിൽ നിന്ന് പിന്മാറുന്ന ഭീതിയും പങ്കുവെച്ചു. അതിന്റെ അടിസ്ഥാനത്തിൽ കാർഷിക സർവ്വകലാശാലയിലെയും കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനത്തിലെയും ശാസ്ത്രജ്ഞർ സ്ഥിതിഗതികൾ വിശദമായി വിശകലനം ചെയ്യുകയും രോഗബാധ തടയുന്നതിനുള്ള സാങ്കേതിക നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. കൂടാതെ തിരഞ്ഞെടുത്ത കർഷകരുടെ പങ്കാളിത്തത്തോടെ "പാവലിലെ സംയോജിത മൊസേക്ക് രോഗ നിയന്ത്രണം" എന്ന പ്രദർശന കൃഷി ആവർത്തിക്കുന്നതിനായി സാങ്കേതിക വിദ്യയും സമയക്രമവും ഉൾപ്പെടുത്തി ഒരു പാക്കേജ് തയ്യാറാക്കി.

കേരള കാർഷിക സർവ്വകലാശാലയുടെ വെള്ളായണി കാർഷിക കോളേജിലെ സസ്യ കീടശാസ്ത്ര വിഭാഗം മേധാവി ഡോ.എം.എച്ച്. ഫൈസൽ, സസ്യ രോഗശാസ്ത്ര വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ. രാധിക.എൻ.എസ്, കുമരകം പ്രാദേശിക ഗവേഷണകേന്ദ്രം അസിസ്റ്റന്റ് പ്രൊഫസർ ഡോ.ധന്യ.എം.കെ, സി.പി.സി.ആർ.ഐ പ്രാദേശിക കേന്ദ്രം സസ്യകീട ശാസ്ത്ര വിഭാഗം പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. ജോസഫ് രാജ്കുമാർ, സസ്യരോഗ ശാസ്ത്ര വിഭാഗം സീനിയർ സയന്റിസ്റ്റ് ഡോ. മെറിൻ ബാബു എന്നിവർ മൊസേക്ക് രോഗത്തിന്റെ വിവിധ വശങ്ങളെക്കുറിച്ച് വിശദീകരിച്ചു. ഡോ.പി.മുരളീധരൻ, ഡോ.ടി.ശിവകുമാർ, ശ്രീമതി. ലേഖ.ജി എന്നിവരാണ് ഈ ഏകദിന പരിപാടി ഏകോപിപ്പിച്ചത്. കർഷകരെ അലട്ടുന്ന ഈ പ്രശ്നത്തെ നേരിടാൻ ഇത്തരത്തിലുള്ള ഒരു അപൂർവ്വ പരിപാടി സംഘടിപ്പിച്ചതിൽ പങ്കെടുത്തവരെല്ലാം സന്തോഷവും നന്ദിയും രേഖപ്പെടുത്തി.

## ഐ.സി.എ.ആർ സ്ഥാപക ദിനാഘോഷം

കൃഷ്ണപുരം, മുതുകുളം ഗ്രാമപഞ്ചായത്തുകളിലെയും കായംകുളം മുനിസിപ്പാലിറ്റിയിലെയും വനിതാ കർഷകരെ ഉൾപ്പെടുത്തി ജൂലൈ 16ന് കെ.വി.കെ, ഐ.സി.എ.ആർ സ്ഥാപകദിനം സമുചിതമായി ആഘോഷിച്ചു.

ഓരോ വീട്ടുവളപ്പിലും ഒരു പോഷകത്തോട്ടം ഒരുക്കുന്നതിന്റെ പ്രസക്തിയും പ്രാധാന്യവും അതുവഴി കുടുംബത്തിലെയും അതിലൂടെ സമൂഹത്തിന്റെയും പോഷകസുരക്ഷ ഉറപ്പാക്കാമെന്ന സന്ദേശവും യോഗത്തിൽ



പങ്കെടുത്ത അമ്പതോളം കർഷകർക്ക് പകർന്നുനൽകി. ഐ.സി.എ.ആർ-ന്റെ പ്രധാന ചുമതലകളും രാഷ്ട്ര നന്മയ്ക്കായി ചെയ്തു വരുന്ന സേവനങ്ങളും നേട്ടങ്ങളും കെ.വികെ മേധാവി ഡോ.പി. മുരളീധരൻ വിശദീകരിച്ചു. ഇതിനോടനുബന്ധിച്ച് ഡൽഹിയിൽ നടന്ന ഐ.സി.എ.ആർ സ്ഥാപകദിനാഘോഷവും അവാർഡ് ദാന ചടങ്ങും ബഹു.കേന്ദ്ര കൃഷി കർഷകക്ഷേമ വകുപ്പ് മന്ത്രി ശ്രീ. എൻ.എസ്. തോമർ രാജ്യമെമ്പാടുമുള്ള കർഷകരോട് ആശയവിനിമയം നടത്തിയതും വീക്ഷിക്കുവാൻ ഇവിടെ കൂടിയിരിക്കുന്ന കർഷകർക്ക് അവസരം ഒരുക്കുകയും ചെയ്തു. കെ.വി.കെ സബ്ജക്റ്റ് മാറ്റർ സ്പെഷ്യലിസ്റ്റ് ഡോ.കെ.സജ്നനാഥ് "വീട്ടുവളപ്പിലെ ജൈവ പച്ചക്കറികൃഷി" എന്ന വിഷയത്തിൽ ഒരു ക്ലാസ്സ് നയിച്ചു. തുടർന്ന് സബ്ജക്റ്റ് മാറ്റർ സ്പെഷ്യലിസ്റ്റ് ശ്രീമതി ജിസ്സി ജോർജ് ഭാരതസർക്കാർ രാജ്യവ്യാപകമായി നടപ്പിലാക്കുന്ന "കുടുംബസുരക്ഷക്കായി പോഷക ത്തോട്ടം" എന്ന പരിപാടിയുടെ വിശദാംശങ്ങളും അതിനു ലഭ്യമായ വിത്തുകളും വിതരണം ചെയ്തു. തുടർന്ന് നടത്തിയ ചർച്ചയിലും കർഷകർ സജീവമായി പങ്കെടുത്തു.

## പോഷക പ്രചാരണ ദിനാഘോഷം



പൗരന്മാരാണ് ഒരു രാജ്യത്തിന്റെ ഏറ്റവും വലിയ സമ്പത്ത് എന്നത് ഉൾക്കൊണ്ടുകൊണ്ട് ഇന്ത്യൻ ജനതയുടെ ആരോഗ്യം പോഷകാഹാരത്തിലൂടെ നിലനിർത്തുന്നതിനും അതുവഴി രോഗപ്രതിരോധശേഷി ആർജ്ജിക്കുന്നതിനുമായി ഭാരത സർക്കാർ എല്ലാ വർഷവും സെപ്റ്റംബർ 17 പോഷക പ്രചാരണ ദിനമായി ആചരിക്കുന്നു. പ്രധാനമന്ത്രി ശ്രീ നരേന്ദ്രമോദിയുടെ 72-ാം പിറന്നാളിനോടനുബന്ധിച്ച് അന്നേദിവസം കെ.വി.കെ യുടെ നേതൃത്വത്തിൽ മുതുകുളം കൃഷിഭവനിൽ പോഷൺ അഭിയാൻ ദിനാചരണവും തൈ നടീലും സംഘടിപ്പിച്ചു. മുതുകുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ജ്യോതിപ്രഭ പ്രസ്തുത പരിപാടിയുടെ ഉദ്ഘാടനം പച്ചക്കറി വിത്തുകൾ അടങ്ങിയ കിറ്റും ഫലവൃക്ഷ തൈകളും വനിതാ കർഷകർക്ക് കൈമാറികൊണ്ട് നിർവ്വഹിച്ചു. മുതുകുളം പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ.ലാൽ മാളവിക പോഷകത്തോട്ടം ഒരുക്കുന്നതിന്റെ പ്രാധാന്യം എടുത്ത് പറഞ്ഞു. മുതുകുളം ഗ്രാമപഞ്ചായത്ത് മെമ്പർ ശ്രീമതി സുമിത ദിലീപ്, മുതുകുളം കൃഷി ഓഫീസർ ശ്രീമതി നാജിദ, IFFCO ആലപ്പുഴ ജില്ലാ കോർഡിനേറ്റർ ശ്രീ. ബിബിൻ ബാബു തുടങ്ങിയവർ ചടങ്ങിൽ സംസാരിച്ചു. തുടർന്ന് കെ.വി.കെ സബ്ജക്റ്റ് മാറ്റർ സ്പെഷ്യലിസ്റ്റുകളായ ശ്രീമതി ജിസ്സി ജോർജ്ജ് പോഷകത്തോട്ടത്തിന്റെ പ്രാധാന്യവും പോഷക സമ്പുഷ്ടമായ ഭക്ഷണത്തിലൂടെ എങ്ങനെ ആരോഗ്യം നിലനിർത്താമെന്നും, ഡോ.കെ.സജ്നനാഥ് വീട്ടുവളപ്പിൽ പോഷകത്തോട്ടം എങ്ങനെ ഒരുക്കാം എന്നതും വിശദീകരിച്ചു. ഈ പരിപാടിയിൽ പങ്കെടുത്ത മുതുകുളം പഞ്ചായത്തിലെ ൬൦ വനിതാ കർഷകർക്കും പച്ചക്കറി കിറ്റും ഫലവൃക്ഷ തൈകളും വിതരണം ചെയ്തു.

## ലക്ഷദ്വീപിൽ നിന്നുള്ള കർഷക ഉത്പാദക കമ്പനി പ്രതിനിധികളുടെ കെ.വി.കെ സന്ദർശനം



കെ.വി.കെ പ്രോത്സാഹനം നൽകുന്ന കർഷക ഉത്പാദക കമ്പനിയുടെ പ്രവർത്തനങ്ങളും രീതികളും അറിയുവാനും തേങ്ങയിൽ നിന്നും ഉരുക്കുവെളിച്ചെണ്ണ ഉൾപ്പെടെയുള്ള അനുബന്ധ ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ ചെറുകിട യന്ത്രങ്ങളുടെ പ്രവർത്തനം കണ്ട് മനസ്സിലാക്കുവാനും ലക്ഷദ്വീപിലെ കവരത്തിയിൽ നിന്നുള്ള കർഷക ഉത്പാദക കമ്പനിയുടെ പ്രമോട്ടർ/ ബോർഡ് ഓഫ് ഡയറക്ടർമാരുടെ സംഘം ജൂലൈ 4-ാം തീയതി കെ.വി.കെ സന്ദർശിച്ചു. കെ.വി.കെ യുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ഓണാട്ടുകര സുഗന്ധവ്യഞ്ജന കർഷക ഉത്പാദക കമ്പനിയുടെ രൂപീകരണത്തെയും പ്രവർത്തനങ്ങളെയും കുറിച്ച് സബ്ജക്റ്റ് മാറ്റർ സ്പെഷ്യലിസ്റ്റ് ശ്രീ. രാജീവ്.എം.എസ് വിശദീകരിച്ചു.

കെ.വി.കെയിലെ കാർഷികോൽപ്പന്ന സംസ്കരണ പരിശീലന കേന്ദ്രം സന്ദർശിച്ച അതിഥികൾക്ക് സബ്ജക്റ്റ് മാറ്റർ സ്പെഷ്യലിസ്റ്റ് ശ്രീമതി ജിസ്സി ജോർജ്ജ് നാളികേരം മൂല്യവർദ്ധനവ് ചെയ്യേണ്ടതിന്റെ പ്രാധാന്യം വിശദീകരിച്ച് അതിനുള്ള സാങ്കേതിക വിവരങ്ങളും ആവശ്യമായ യന്ത്രസാമഗ്രികളുടെ വിശദാംശങ്ങളും കൈമാറി. ലക്ഷദ്വീപ് കെ.വി.കെയാണ് ഈ സന്ദർശനം സംഘടിപ്പിച്ചത്.

## മഞ്ഞളിന്റെ ഉത്പാദന വിപണന ശൃംഖലാ പദ്ധതിയുടെ അവലോകനം



കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ മാവേലിക്കര, ചെങ്ങന്നൂർ ബ്ലോക്കുകളിലെ പത്ത് പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന "മഞ്ഞളിന്റെ ഉത്പാദന വിപണന ശൃംഖലാ പദ്ധതി"യുടെ പുരോഗതി വിലയിരുത്തുന്നതിനായി നബാർഡ് ഡെപ്യൂട്ടി ജനറൽ മാനേജർ ശ്രീ. ലാലു.പി.എൻ കുട്ടിയും, ആലപ്പുഴ ജില്ലാ വികസന മാനേജർ ശ്രീ.റ്റി.കെ.പ്രേംകുമാറും സെപ്തംബർ 22-ാം തീയതി കെ.വി.കെ സന്ദർശിച്ചു. തുടർന്ന് പദ്ധതിയുടെ പങ്കാളികളായ കർഷകരുടെ കൃഷിയിടങ്ങൾ സന്ദർശിക്കുകയും അവരുമായി സംവദിക്കുകയും ചെയ്തു.

## അവാർഡ്

നാളികേര വികസന ബോർഡിന്റെ മികച്ച നാളികേര വിജ്ഞാന വ്യാപന പ്രവർത്തകനുള്ള ദേശീയ പുരസ്കാരത്തിന് കെ.വി.കെയിലെ സസ്യ കീടശാസ്ത്ര വിഭാഗം സബ്ജക്റ്റ് മാറ്റർ സ്പെഷ്യലിസ്റ്റ് ഡോ.ടി.ശിവകുമാർ അർഹനായി.



## ആടുകൾക്ക് ശീതകാല പരിചരണം

മഴയും തണുപ്പും ആടുകളുടെ ഉത്പാദനക്ഷമതയെ കാര്യമായി ബാധിക്കാറുണ്ട്. തണുപ്പ് കാലത്ത് അവയ്ക്ക് പലതരത്തിലുള്ള ശ്വാസകോശ സംബന്ധമായ രോഗങ്ങൾ പിടിപെടുവാനുള്ള സാധ്യത കൂടുതലാണ്. രോഗപ്രതിരോധ ശേഷി നഷ്ടപ്പെടുകയും മറ്റ് രോഗങ്ങൾക്ക് അടിമപ്പെടുകയും തുടർന്ന് മരണം വരെ സംഭവിക്കുകയും ചെയ്യുന്നു. അതിനാൽ ആട് കർഷകർ താഴെ പറയുന്ന പരിചരണ രീതികൾ അവലംബിക്കേണ്ടതാണ്.

- മഴയിൽ നിന്നും തണുപ്പിൽ നിന്നും സംരക്ഷിക്കുന്നതിനായി കൂടുകൾ 4 അടി പൊക്കത്തിൽ നിർമ്മിക്കണം. കൂടാതെ കൂടിനു ചുറ്റും ഷേഡ് നെറ്റ് ഉപയോഗിച്ച് മറയ്ക്കുകയും വേണം
- ശീതകാലത്ത് കണ്ടുവരാറുള്ള ആട് വസന്ത എന്ന ശ്വാസ കോശത്തെ ബാധിക്കുന്ന വൈറസ് രോഗത്തിനെതിരെയുള്ള പ്രതിരോധ കുത്തിവെയ്പ്പുകൾ എല്ലാ വർഷവും എടുക്കേണ്ടതാണ്. ദ്രാവക രൂപത്തിലുള്ള മരുന്നുകൾ നൽകുമ്പോൾ വിദഗ്ധരുടെ സേവനം തീർച്ചയായും ഉറപ്പുവരുത്തണം.
- രോഗപ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിനായി ആറു മാസത്തിലൊരിക്കൽ വിദഗ്ധോപദേശ പ്രകാരം വിര മരുന്ന് നൽകണം
- മാംസ്യം കൂടുതലുള്ള ഡസ്മാന്തസ്, അഗത്തിചീര, സ്റ്റൈലോ സാന്തസ് തുടങ്ങിയ തീറ്റപ്പുല്ലുകൾ നൽകുന്നത് നല്ലതാണ്. തണുപ്പ് കാലത്ത് കുടിക്കുവാൻ ഇളം ചൂടുവെള്ളവും നൽകുവാൻ ശ്രദ്ധിക്കണം



Printed & Published by: **Dr. (Mrs.) Anitha Karun**, Acting Director, ICAR-CPCRI, Kasaragod
Co-ordination & Editing: **Dr. P. Muralidharan**, Principal Scientist & Head. Text, Layout & Compilation: **Lekha G**
Technical Inputs: **Rajeev M.S, Dr. S. Ravi, Dr. T. Sivakumar, Jissy George & Dr. K. Sajnanath**
Technical Support: **K.M. Ansary, P.V. Bijila, Anju Sathyan.S, Mohammed Ijas**